(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തിയിട്ടുണ്ടെന്നും, പെൻഷൻ പ്രായം എത്ര വയസ്സു വരെ ആണെന്നും വ്യക്തമാക്കുമോ;

(സി) പെൻഷൻ പ്രായം ഉയർത്തിയത് എന്നു മുതലാണെന്ന് അറിയിക്കുമോ;

(ഡി) പെൻഷൻ പ്രായം മന്ത്രിസഭാ തീരുമാനപ്രകാരമാണോ ഉയർത്തിയിട്ടുള്ളത്;

(ഇ) സംസ്ഥാന സർവ്വീസിലുള്ളവരുടെയും പെൻഷൻ പ്രായം ഉയർത്താൻ നടപടി സ്വീകരിക്കുമോ;

(എഫ്) ഇല്ലെങ്കിൽ ഗവൺമെന്റ് ഉടമയിലുള്ള സ്ഥാപനങ്ങളിലുള്ളവരുടെ പെൻഷൻ പ്രായം ഉയർത്തിയത് റദ്ദാക്കുമോ?

ഉത്തരം

(എ)&(ബി) സർക്കാർ സർവ്വീസിൽ എന്നപോലെ പെൻഷൻ പദ്ധതി നിലവിലുള്ള കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കേരളാ വാട്ടർ അതോറിറ്റി, കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് എന്നീ സ്ഥാപനങ്ങളിൽ പെൻഷൻ പ്രായം സർക്കാരിലേതുപോലെ 55 വയസ്സ് തന്നെയാണ്. ബാക്കിയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നും സർക്കാർ സർവ്വീസിലുള്ളതുപോലെയുള്ള പെൻഷൻ പ്രായം നിലവിലില്ല.

പെൻഷൻ ഇല്ലാത്തതിനാൽ ഭൂരിപക്ഷം പൊതുമേഖലാ സ്ഥാപനങ്ങളിലും സർവ്വീസിൽ നിന്ന് പിരിഞ്ഞുപോകാനുള്ള പ്രായം, ഇതിൽ പല സ്ഥാപനങ്ങൾ നിലവിൽ വന്നതു മുതൽ തന്നെ 58 വയസ്സാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനിലെ ഹെഡ് ഓഫീസിലെ ജീവനക്കാരുടെ പെൻഷൻ പ്രായം സർക്കാർ ഉത്തരവ് (എം.എസ്) 140/96/വ്യ.വ.പ്രകാരം 58 ആയി ഉയർത്തിയെങ്കിലും 12.5.97 -ലെ സർക്കാർ ഉത്തരവ് (എം.എസ്) 75/97 വ്യ.വ. പ്രകാരം അത് വീണ്ടും 55 ആയി കുറയ്ക്കുകയുണ്ടായി.

(സി)-(എഫ്) ഉദിക്കുന്നില്ല.

20 (1611) അന്തർജില്ലാ വിമാന സർവ്വീസ്

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്തർജില്ലാ വിമാന സർവ്വീസ് ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ടൂറിസം വികസനത്തിന് അനന്തസാധ്യതകളുള്ള പ്രസ്തുത പദ്ധതിക്കു വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാന വിനോദസഞ്ചാര വികസന കോർപ്പറേഷൻ ഇക്കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇപ്പോൾ ഇത്തരം പദ്ധതികൾ ഒന്നുംതന്നെ പരിഗണനയിൽ ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

21 (1612) ലോക്ആയുക്ത മുൻപാകെയുള്ള കേസ്സുകൾ നടത്തുന്നതിനുള്ള നിയമനം

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ആയുക്ത മുൻപാകെ ഏത് കേസ്സ് നടത്തുന്നതിനുവേണ്ടിയാണ് സ്പെഷ്യൽ അറ്റോർണിയായി ഹൈക്കോടതി ലയ്സൺ ഓഫീസർ ശ്രീ. കെ.കെ. രവീന്ദ്രനാഥിനെ നിയമിച്ചിട്ടുള്ളത്; ഇതിന്റെ കാരണമെന്താണ്;

(ബി) ലോക്ആയുക്ത മുൻപാകെ അഡ്വക്കേറ്റ് ജനറലിന് എതിരായി നടന്നുവരുന്ന കേസിൽ നിയമവകുപ്പ് സെക്രട്ടറി സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത് നിലവിലുള്ള കീഴ്വഴക്കങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമായിട്ടാണോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) ശ്രീ. കെ.കെ. രവീന്ദ്രനാഥ് ഇപ്പോഴും അഡ്വക്കേറ്റ് ജനറൽഫീസിൽ ലയ്സൺ ഓഫീസർ പദവിയിൽ തുടരുന്നുണ്ടോ;

(ഇ) അഡ്വക്കേറ്റ് ജനറലിന്റെ ഔദ്യോഗിക പ്രവർത്തനങ്ങൾ സ്റ്റേറ്റിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ടതാണോ എന്ന് വിശദമാക്കുമോ;

(എഫ്) ലോക്ആയുക്ത മുൻപാകെ ഹാജരാക്കുന്നതിനുവേണ്ടി സർക്കാർ എത്ര സ്പെഷ്യൽ അറ്റോർണിമാരെ നിയമിച്ചിട്ടുണ്ട്; അവർ ആരെല്ലാം?

ഉത്തരം

(എ) കേരള ലോക്ആയുക്ത ആക്ടിലെ 9-ാം വകുപ്പിലെ 8-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരമനുസരിച്ചാണ് കേസ്സ് നമ്പർ.34/99 നടത്തുന്നതിന്വേണ്ടി ശ്രീ. കെ.കെ. രവീന്ദ്രനാഥിനെ നിയമിച്ചിട്ടുള്ളത്.

(ബി)&(സി) ഇല്ല; എന്നാൽ കൗണ്ടർ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ആണ്.

(എഫ്) രണ്ട്. ശ്രീ കല്ലട സുകുമാരനെ സ്പെഷ്യൽ അറ്റോർണിയായി നിയമിച്ചിട്ടുണ്ട്. കൂടാതെ ശ്രീ. കെ.കെ. രവീന്ദ്രനാഥിനെ കേസ്സ് നമ്പർ 34/99 നടത്തുവാൻ മാത്രമായി നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly